**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1140** **27-07-2021 - ൽ മറുപടിയ്ക്ക്**

**കേരള സാങ്കേതിക സർവ്വകലാശാലയുടെ പരീക്ഷാനടത്തിപ്പിലെ വിവേചനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ സി ആർ മഹേഷ്** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരള സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ 2020-ൽ ബി.ടെക് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ സപ്ലിമെന്ററി പരീക്ഷകൾ ഓഫ് ലൈനായി എഴുതണമെന്നുള്ള സർവ്വകലാശാല തീരുമാന പ്രകാരം 2020 ഡിസംബറിൽ റെഗുലർ വിദ്യാർത്ഥികളോടൊപ്പം സപ്ലിമെന്ററിക്കാരും എഴുതിയ പരീക്ഷയിൽ റെഗുലർ വിദ്യാർത്ഥികൾക്ക് വിജയിക്കാൻ 35 മാർക്കും സപ്ലിമെന്ററി പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് 45 മാർക്കും നേടണമെന്ന് സാങ്കേതിക സർവ്വകലാശാല നിഷ്കർഷിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പഴയ സ്കീം ൽ പഠിക്കുന്ന ബി.ടെക് റെഗുലർ വിദ്യാർത്ഥികൾക്ക് ജയിക്കാൻ 32 മാർക്കും സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് ജയിക്കാൻ 45 മാർക്കും വേണം. റെഗുലർ വിദ്യാർത്ഥികൾക്ക് 70 മാർക്കിനും സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് 100 മാർക്കിനും ആയിരുന്നു പരീക്ഷ നടത്തിയിരുന്നത്. രണ്ടു വിഭാഗക്കാർക്കും 45 ശതമാനം മാർക്ക് വിജയിക്കാൻ വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം നിലവിൽ രണ്ടു വിഭാഗക്കാർക്കും തുല്യനീതി ഉറപ്പാക്കുന്നുണ്ട്. |
| (ബി) | എങ്കിൽ പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികൾക്കും തുല്യ നീതി ഉറപ്പാക്കുന്ന തരത്തിലുള്ള പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; | (ബി) | പഴയ സ്കീം ൽ പഠിക്കുന്ന ബി.ടെക് റെഗുലർ വിദ്യാർത്ഥികൾക്ക് ജയിക്കാൻ 32 മാർക്കും സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് ജയിക്കാൻ 45 മാർക്കും വേണം. റെഗുലർ വിദ്യാർത്ഥികൾക്ക് 70 മാർക്കിനും സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് 100 മാർക്കിനും ആയിരുന്നു പരീക്ഷ നടത്തിയിരുന്നത്. രണ്ടു വിഭാഗക്കാർക്കും 45 ശതമാനം മാർക്ക് വിജയിക്കാൻ വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം നിലവിൽ രണ്ടു വിഭാഗക്കാർക്കും തുല്യനീതി ഉറപ്പാക്കുന്നുണ്ട്. |
| (സി) | കോവിഡ് വ്യാപനം സൃഷ്ടിച്ച പ്രത്യേക സാഹചര്യത്തിൽ സാങ്കേതിക സർവ്വകലാശാലയിൽ നിലവിൽ ഓഫ് ലൈനായി നടത്തിക്കൊണ്ടിരിക്കുന്ന സപ്ലിമെന്ററി പരീക്ഷകൾ കോളേജുകളുടെ സഹകരണത്തോടെ ഓൺലൈനായി ഒറ്റത്തവണയായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (സി) | നിലവിൽ ഈ വിഷയം പരിഗണനയിൽ വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ